പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 598 5.6.2018 ലെ മറുപടിക്ക്

**കയർ കേരള 2017**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ കേരള 2017 ൽ 100 കോടി രൂപയുടെ വിദേശ വിപണി പ്രതീക്ഷിച്ചിരുന്നതിൽ നാളിതുവരെ എത്ര രൂപ ലഭിച്ചുവെന്നും ഏതെല്ലാം വിഭാഗത്തിലെന്നും വെളിപ്പെടുത്തുമോ; | എ) കയർ വ്യവസായത്തിനാകെ ഗുണകരമാകുന്ന തരത്തിൽ നമ്മുടെ കയർ മേഖലയുടെ ശക്തിയും വൈവിദ്ധ്യവും ബയേഴ്സിന് പരിചയപ്പെടുത്തുന്ന ഒരു ബിസിനസ് മീറ്റിംഗാണ് കയർ കേരള. അതിന്റെ മെച്ചം വ്യവസായത്തിന് ഉണ്ടാകുന്നുണ്ട്. കേരളത്തിൽ നിന്നുള്ള കയർ ഉൽപ്പന്ന കയറ്റുമതിക്ക് കയർ കേരള വലിയതോതിൽ സഹായമാകുന്നുണ്ട്. |
| ബി) ഡൊമസ്റ്റിക് മാർക്കറ്റിലെ തൊഴിലുറപ്പ് പദ്ധതി പ്രകാരം 120 കോടി രൂപയുടെ ധാരണാപത്രം ഒപ്പ് വെച്ചതനുസരിച്ച് നാളിതുവരെ എത്ര കയർ ഭൂവസ്ത്രം നിർമ്മിച്ച് നൽകിയെന്നും അവ എവിടെയെല്ലാമാണ് നിർമ്മിച്ചതെന്നും വെളിപ്പെടുത്തുമോ; | ബി) 120 കോടി രൂപയുടെ ധാരണാ പത്ര പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി ആവശ്യാനുസരണം ഭൂവസ്ത്രം വിതരണം ചെയ്തു വരുന്നു. 2018 മെയ് മാസം വരെ ആകെ 37,43,416.12 സ്ക്വയർ മീറ്റർ ഭൂവസ്ത്രം വിതരണം ചെയ്യാൻ കഴിഞ്ഞു. കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോമിൽ എന്നിവ വഴിയാണ് കയർ ഭൂവസ്ത്രം നിർമ്മിച്ച് നൽകി വരുന്നത്. 120 കോടി രൂപയുടെ ധാരണാപത്ര പ്രകാരം കയർ കോർപ്പറേഷൻ പ്രവർത്തിക്കുന്നതിന് അനുവദിച്ച 7 ജില്ലകളിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി ആകെ 17.50 കോടി രൂപ വില വരുന്ന 2689.978 ച.മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് 3.20 കോടി രൂപയുടെ കയർ ഭൂവസ്ത്രം ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.കയർഫെഡിന്റെ ചുമതലയിലുള്ള തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നേവരെ 764471.50 സ്ക്വയർ മീറ്റർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനം തുടരുകയാണ്. |

| | |
|---|---|
| സി) കയർ കേരളയ്ക്ക് സർക്കാർ 3.57 കോടി രൂപ അനുവദിച്ചത് ഏതെല്ലാം തലങ്ങളിൽ ഏതെല്ലാം ആവശ്യങ്ങൾക്കായാണ് വിനിയോഗിച്ചതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | സി) കയർ കേരള 2017 നടത്തിപ്പിനായി കയർ കോർപ്പറേഷന് അനുവദിച്ച 3.57 കോടി രൂപയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) കയർ കേരളയിൽ ലഭിച്ചത് ഏതെല്ലാം ഓർഡറുകളാണ്; അവയിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വിശദീകരിക്കുമോ? | ഡി) കയർ വ്യവസായത്തിനാകെ ഗുണകരമാകുന്ന തരത്തിൽ നമ്മുടെ കയർ മേഖലയുടെ ശക്തിയും വൈവിദ്ധ്യവും ബയേഴ്സിന് പരിചയപ്പെടുത്തുന്ന ഒരു ബിസിനസ് മീറ്റിംഗാണ് കയർ കേരള. അതിന്റെ മെച്ചം വ്യവസായത്തിന് ഉണ്ടാകുന്നുണ്ട്. കേരളത്തിൽ നിന്നുള്ള കയർ ഉൽപ്പന്ന കയറ്റുമതിക്ക് കയർ കേരള വലിയതോതിൽ സഹായമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

(സി) കയർ കേരളയ്ക്ക് സർക്കാർ അനുവദിച്ച 3.57 കോടി രൂപ താഴെപ്പറയുന്ന ചെലവിനങ്ങൾക്കായിട്ടാണ് വിനിയോഗിച്ചത്.

## <u>വരവ് ചെലവ് പട്ടിക</u>

തുക (രൂപയിൽ)

| ക്രമ നം. | ചെലവിനം | വരവ് | ചെലവ് |
|---|---|---|---|
| 1 | സർക്കാർ ധനസഹായം (അഡ്വാൻസ്) | 35724397.00 | |
| 2 | സ്പോൺസർഷിപ്പ്, സ്റ്റാൾ വാടക മുതലായവ | 12316087.00 | |
| 3 | പ്രദർശന മേള കമ്മറ്റി ചെലവുകൾ | | 16629250.00 |
| 4 | താമസ സൗകര്യങ്ങൾ | | 6192146.00 |
| 5 | ഭക്ഷണകമ്മറ്റി ചെലവുകൾ | | 3050604.00 |
| 6 | കലാ-സാംസ്കാരിക കമ്മറ്റി | | 2192380.00 |
| 7 | ഘോഷയാത്രാ കമ്മറ്റി | | 831990.00 |
| 8 | വിദേശവിപണി വികസന കമ്മറ്റി (എൻ.സി.ആർ.എം.ഐ)<br>ബയ്യർ സെല്ലർ മീറ്റ് 14,49,000.00<br>ഇന്റർ നാഷണൽ ബയ്യർ പങ്കാളിത്തം 93,97,983.00<br>ഇന്റർ നാഷണൽ പ്രദർശന പങ്കാളിത്തം 2,43,153.00<br>പ്രോമോ വീഡിയോ ബ്രോഷർ & വെബ്സൈറ്റ് 7,60,748.00<br>ഇന്റർ നാഷണൽ സെമിനാർ കമ്മറ്റി 12,71,007.00 | | 131211891.00 |
| 9 | ആഭ്യന്തരവിപണി വികസന പ്രവർത്തന കമ്മറ്റി ചെലവുകൾ | | 592727.00 |
| 10 | വോളണ്ടിയർ കമ്മറ്റി ചെലവുകൾ | | 24626.00 |
| 11 | പ്രചാരണ കമ്മറ്റി<br>ന്യൂസ് പേപ്പർ അഡ്വർടൈസ്മെന്റ് & സ്പോൺസർഷിപ്പ് മുതലായവ | | 5034372.40<br>3347253.00 |
| 12 | ഗതാഗത കമ്മറ്റി - യാത്രാചെലവുകൾ | | 437758.00 |
| 13 | പലവക ചെലവുകൾ (ജനറൽ കമ്മറ്റി) 4,44,249.00<br>പ്രിന്റിംഗ് ചാർജ്ജ് 3,52,000.00<br>യാത്രാ ചെലവുകൾ 73,532.00<br>ബാങ്ക് ചാർജ്ജ് 1,353.00<br>ഓഡിറ്റ് ഫീസ് 15,000.00 | | 886134.00 |
| | സർക്കാരിൽ നിന്നും ലഭിക്കുവാനുള്ള ബാക്കി തുക | 4300649.40 | -- |
| | ആകെ | 52341133.40 | 52341133.40 |